പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3998

16/05/2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

# തെരുവു നായ്ക്കളെ വന്ധ്യംകരിക്കുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തെരുവു നായ്ക്കളെ വന്ധ്യംകരിക്കുന്ന നടപടികളെ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കുമോ; വന്ധ്യം കരിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് നിന്ന് കാര്യമായ ശ്രമം ഉണ്ടായില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം, പേവിഷമുക്ത കേരളം പദ്ധതി തുടങ്ങിയവ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിലും, മൃഗ സംരക്ഷണ വകുപ്പിന്റെ സഹായത്തോടെയും പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നുണ്ട്. ഇക്കാര്യത്തിൽ അലംഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) 2017 ജനുവരി മുതൽ എത്ര പേർക്ക് സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ കടിയേറ്റിട്ടുണ്ട്; | ബി) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 1959 പേർക്കും നഗരസഭാ പരിധിയിൽ 157 പേർക്കും തെരുവുനായ്ക്കളുടെ കടിയേറ്റിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) കടിയേറ്റവർക്ക് സഹായം നൽകുന്നത് സംബന്ധിച്ച് അധികൃതരുടെ ഉറപ്പ് ഒന്നുപോലും നടപ്പിലായിട്ടില്ലെന്നകാര്യം സർക്കാർ പരിശോധിക്കുമോ; | സി) തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി ബഹു. സുപ്രീംകോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ടിൽ നഷ്ടപരിഹാരത്തിന് ശുപാർശ ചെയ്തിട്ടുള്ള 19 പേർക്ക് ആകെ 33,37,743/- രൂപാ അനുവദിച്ചുകൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും 31/05/2017 ന് മുമ്പായി നൽകാൻ 11/05/2017 ലെ സ.ഉ.(ആർ.റ്റി) 1546/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) സിറ്റികളിലും സർക്കാർ ഓഫീസുകളിലും ആക്രമണകാരികളായ തെരുവു നായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | ഡി) പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് സബന്ധിച്ച ചെലവുകൾക്ക് ഫണ്ട് ഉപയോഗിക്കുവാനുള്ള പെർമിസ്സീവ് സാങ്ഷൻ നൽകിയിട്ടുണ്ടോ; | ഇ) | ഉണ്ട്. |
| എഫ്) | കേരളത്തിലെ ഓരോ ലോക്കൽ ബോഡിയും 2016-17 -ൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമായ വിവരം ലഭ്യമാക്കുമോ? | എഫ്) | കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 23,24,202/- രൂപയും ഗ്രാമപഞ്ചായത്തുകൾ 3,01,19,117 രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ